**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1559** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | അർദ്ധ സർക്കാർ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 2000 ന് ശേഷം വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, ക്ഷാമബത്ത കുടിശ്ശിക എന്നീ ആനുകൂല്യങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ഏറെ നാൾ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നതിനാൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ യാതൊരുവിധ വിരമിക്കൽ ആനുകൂല്യങ്ങളും നൽകാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. സർക്കാർ അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ച് 2002 ന് ശേഷം വിരമിച്ച 140-ൽപരം ജീവനക്കാർക്ക് നൽകുവാനുണ്ടായിരുന്ന വിരമിക്കൽ ആനുകൂല്യങ്ങൾ പൂർണ്ണമായും അനുവദിച്ചുനൽകുകയുണ്ടായി. ഗ്രാറ്റുവിറ്റി അനുവദിച്ച് നൽകുന്നതിനുണ്ടായ കാലതാമസം മൂലമുള്ള പിഴപ്പലിശ മാത്രമാണ് ഇനി അനുവദിക്കുവാനുള്ളത്. ടി ഇനത്തിൽ 1,23,24,769/- (ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിനാലായിരത്തി എഴുന്നൂറ്റി അറുപത്തി ഒൻപത് രൂപ) ഇനിയും കൊടുത്തുതീർക്കുവാനുണ്ട്. 1999 മുതൽ 2006 വരെയുള്ള കാലയളവിലെ ക്ഷാമബത്ത കുടിശ്ശിക കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനതകൾ കാരണം മരവിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത കാലയളവിലെ ഡി.എ കുടിശ്ശിക ആർക്കും തന്നെ അനുവദിച്ചിട്ടില്ല. കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത കാരണം ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് വൈകിയതിന്മേലുള്ള പിഴപ്പലിശ നൽകുവാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ആയത് പരിഹരിക്കുവാൻ സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം പരിഗണിച്ചില്ല. |
| (ബി) | പ്രതിമാസം ആയിരത്തോളം രൂപ മാത്രം ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്ന ഇത്തരക്കാർക്ക് പൊതുവിഭാഗത്തിലുൾപ്പെടുത്തി റേഷൻ കാർഡ് അനുവദിച്ചിട്ടുള്ളതിനാൽ യാതൊരു ആനുകൂല്യങ്ങളും | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഷയത്തിൻമേൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ